**പതിനഞ്ചാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2546** **13-02-2024-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാത ഭൂമി ഏറ്റെടുക്കലിന് കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിൻസെന്റ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. എം. വിൻസെന്റ് (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന സർക്കാർ വിഹിതം നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് നൽകേണ്ടത്; വിശദാംശം നൽകാമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ സംസ്ഥാന വിഹിതം നൽകി ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തികളൊന്നുമില്ല. എന്നാൽ ദേശീയപാത 66 ന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നുണ്ട്. ഇതിനായി KIIFB മുഖേന 5,580.74 കോടി രൂപ നൽകിയിട്ടുണ്ട്.

**(ബി)** 2016 -21 -ലെ സർക്കാരിന്റെ കാലഘട്ടം മുതൽ സംസ്ഥാനത്ത് നിലവിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന ദേശീയപാത വികസന പദ്ധതികളിൽ ഓരോന്നിലും ഭൂമി ഏറ്റെടുക്കലിനായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രവീതം ആണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ ഭൂമി ഏറ്റെടുക്കലിനായി കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ആവശ്യമായി വരുന്ന പ്രവൃത്തികളൊന്നുമില്ല.

**(സി)** ഏതെങ്കിലും ദേശീയപാത വികസന പദ്ധതികളിൽ സർക്കാർ വിഹിതം നൽകുവാൻ സാധിക്കില്ല എന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ; ഇപ്രകാരം കേന്ദ്രത്തെ അറിയിക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഈ പദ്ധതികളിൽ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>**

- പദ്ധതികളുടെ സാമ്പത്തിക മാനേജ്മെന്റും വിഭവ വിനിയോഗവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) ചെയർമാന്റെ നിർദ്ദേശപ്രകാരം, മുൻഗണനാ ക്രമത്തിലുള്ള പദ്ധതികളെ കൂടുതൽ വ്യക്തതയ്ക്കായി High-1, High-2 എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തരംതിരിക്കുകയും High - 2 വിഭാഗത്തിലുള്ള പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകേണ്ടതില്ല എന്ന് റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഈ നിർദ്ദേശം മൂലം കേരളത്തിലെ ദേശീയപാത 66 ന്റെ വികസനം തടസ്സപ്പെടും എന്ന നില വന്നതോടെയാണ് ഉന്നത തല ചർച്ചകൾക്ക് ശേഷം

സ്ഥലമേറ്റെടുപ്പിന്റെ 25% വിഹിതം സംസ്ഥാനം നൽകണമെന്ന കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശം അംഗീകരിക്കാൻ തീരുമാനം എടുത്തത്. G.O.(Ms) No.36/2019/PWD തീയതി 08.08.2019 പ്രകാരം സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- 

- തുടർന്ന് സംസ്ഥാനത്ത് ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന പദ്ധതികൾക്ക് ഇത്തരം ആവശ്യങ്ങൾ മുന്നോട്ട് വയ്ക്കാൻ തുടങ്ങിയതോടെ മറ്റേതെങ്കിലും സംസ്ഥാന സർക്കാരുകൾ ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ ഭാഗം വഹിക്കുന്നില്ല എന്നതിനാലും, കേരളത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ഈ അധിക ബാധ്യത ഏറ്റെടുക്കാൻ അനുവദിക്കുന്നില്ല എന്നതിനാലും, 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കേരളത്തിന്റെ വിഹിതം 0.58% കുറഞ്ഞതിനാലും, കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങൾ മൂലവും ദേശീയപാത വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം വഹിക്കുന്നതിന്റെ ബാധ്യതയിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കിത്തരണം എന്ന് അഭ്യർത്ഥിച്ച് കൊണ്ട് 21.11.2022 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ട്.

- 

- ഇതിന് മറുപടിയായി എറണാകുളം ബൈപാസ്, കൊല്ലം ചെങ്കോട്ട ദേശീയപാത എന്നീ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന്റെ 25% തുക വഹിക്കേണ്ടതില്ല എന്നും, പകരം നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാനം വേണ്ട എന്ന് വയ്ക്കുന്നത് പരിശോധിക്കണം എന്ന് ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയം 04.08.2023 ൽ നടന്ന യോഗത്തിൽ ചർച്ച ചെയ്യുകയും, യോഗത്തിലെ നിർദ്ദേശ പ്രകാരം എറണാകുളം ബൈപാസ്, കൊല്ലം ചെങ്കോട്ട ദേശീയപാത എന്നീ പദ്ധതികൾക്ക് നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാനം വേണ്ട എന്ന് വയ്ക്കുന്ന വിഷയം പരിശോധിച്ച് സംസ്ഥാന സർക്കാർ G.O.(Ms) No.30/2024/PWD തീയതി 16.07.2024 ഉത്തരവ് ഇറക്കുകയും ചെയ്തിരുന്നു.

06.12.2024 ൽ നടന്ന യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയും, ഭാവിയിലുള്ള പദ്ധതികൾക്ക് നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാനം വേണ്ട എന്ന് വയ്ക്കുന്ന വിഷയം പരിശോധിക്കാൻ കേന്ദ്രഉപരിതല ഗതാഗത വകുപ്പ് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

ദേശീയപാത 66 ന്റെ സ്ഥലമേറ്റെടുപ്പിന്റെ 25% തുക സംസ്ഥാനം നൽകാമെന്ന് സമ്മതിച്ചതിൽ സംസ്ഥാനം ഇതുവരെ 5,580.73 കോടി രൂപ നൽകിയതായും, ബാക്കി തുക നൽകണമെന്ന ആവശ്യം ഒരിക്കൽ കൂടി പരിശോധിക്കണം എന്ന് ഒക്ടോബർ 2025 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**